I ഇ.ബി. XV - കേരള നിയമസഭ/V-14

## പതിനഞ്ചാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2022 ജൂലൈ 20, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I. അടിയന്തരപ്രമേയ നോട്ടീസ്

മി. ഡെപ്യൂട്ടി സ്പീക്കർ: യൂത്ത് കോൺഗ്രസ് സംസ്ഥാന ഉപാദ്ധ്യക്ഷനും മുൻ എം.എൽ.എ.-യുമായ ശ്രീ. കെ. എസ്. ശബരീനാഥനെ കൊലപാതകശ്രമ ഗൂഢാലോചനക്കേസിൽപ്പെടുത്തി അറസ്റ്റ് ചെയ്ത പോലീസ് നടപടിയെക്കുറിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് അടിയന്തര പ്രമേയ നോട്ടീസ് ലഭിച്ചിട്ടുണ്ട്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ചട്ടം 52(7) പ്രകാരം രാജ്യത്തിന്റെ ഏതെങ്കിലും ഭാഗത്ത് വിചാരണാധികാരമുള്ള ഒരു നിയമ കോടതിയുടെ തീരുമാനത്തിലിരിക്കുന്ന സംഗതി പ്രമേയത്തിൽ പ്രതിപാദിക്കാൻ പാടുള്ളതല്ല. കോടതിയുടെ പരിഗണനയിലിരിക്കുന്ന കേസുകൾ ചർച്ച ചെയ്യുമ്പോൾ കേസുകളെ നേരിട്ടോ അല്ലാതെയോ ബാധിക്കുമെന്ന വിമർശനമുണ്ടാകുമെന്നതിനാൽ അനുവദിക്കാനാകില്ലെന്നും എന്തെങ്കിലും സംഘർഷാവസ്ഥ ഇതുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നുണ്ടെങ്കിൽ അത് ചർച്ച ചെയ്യാവുന്നതാണെന്നുമാണ് 1988 മാർച്ച് 21-ന് നൽകിയിട്ടുള്ള റൂളിംഗിലുള്ളത്. വിശദീകരണക്കുറിപ്പിൽ അത്തരം കാര്യങ്ങളൊന്നും പ്രതിപാദിച്ചിട്ടില്ലാത്തതിനാൽ അടിയന്തര പ്രമേയ നോട്ടീസ് പരിഗണിക്കേണ്ടതില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ചട്ടങ്ങൾക്കൊപ്പം കീഴ്വഴക്കങ്ങൾക്കും സഭ പ്രാധാന്യം നൽകുന്നുണ്ട്. കോടതിയുടെ പരിഗണനയിലിരിക്കുമ്പോൾത്തന്നെ സോളാർ, ബാർകോഴ കേസുകൾ പലപ്രാവശ്യം റൂൾ 50 പ്രകാരം ചർച്ച ചെയ്തിട്ടുണ്ട്. നോട്ടീസിന്മേൽ ചർച്ച വേണമോയെന്ന് ഗവൺമെന്റിനും ബഹു. ചെയറിനും തീരുമാനിക്കാമെങ്കിലും

സഭയിലെ മുൻ അംഗം കൂടിയായ ഒരാൾക്കെതിരെ കള്ളക്കേസ് രജിസ്റ്റർ ചെയ്ത വിഷയം സഭയിൽ അവതരിപ്പിക്കാൻ പ്രതിപക്ഷത്തിന് അവകാശമുണ്ട്. അത് നിഷേധിക്കുന്നത് ശരിയല്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ആരോപണ വിധേയനായ വ്യക്തിയെ ക്രിമിനൽ നിയമപ്രകാരം അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കി ഉപാധികൾക്കനുസരിച്ച് ജാമ്യം ലഭിച്ച സാധാരണ നിയമനടപടി സംബന്ധിച്ച വിഷയം അടിയന്തര പ്രാധാന്യമുള്ളതായി കാണുന്നില്ല. ഇക്കാര്യത്തിൽ കോടതി വിശദമായ വാദം കേൾക്കാനിരിക്കുകയാണ്. ആയതിനാൽ റൂൾ 50 പ്രകാരമുള്ള നോട്ടീസിന് അനുമതി നൽകാനാകില്ല.

(അടിയന്തരപ്രമേയ നോട്ടീസിന് അനുമതി നൽകാത്തതിൽ പ്രതിഷേധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പ്രസ്താവന നടത്തിയശേഷം പ്രതിപക്ഷാംഗങ്ങളോടൊപ്പം സഭവിട്ട് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചെത്തുകയും ചെയ്തു.)

## II. ശ്രദ്ധ ക്ഷണിക്കൽ

### (1) <u>കരിമണൽ ഖനനം സ്വകാര്യവത്കരിക്കാനുള്ള നീക്കം</u>

<u>ഡോ. സുജിത് വിജയൻപിള്ള</u>: 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിലെ Schedule-1, Part-B-യിൽ

വരുന്ന 12 അറ്റോമിക് മിനറൽസിൽ എട്ട് ധാതുക്കളെ Part-D എന്ന പുതിയ ഗ്രൂപ്പിലുൾപ്പെടുത്തി ലേലം ചെയ്യാനുള്ള കേന്ദ്ര സർക്കാരിന്റെ ശ്രമം സ്വകാര്യ കുത്തകകളെ സഹായിക്കാൻ വേണ്ടിയുള്ളതാണ്. പുതിയ ഭേദഗതിയിലൂടെ ദേശീയ സുരക്ഷയെ ബാധിക്കുന്ന അറ്റോമിക് മിനറൽസിന്റെ ഖനനം കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ അധികാര പരിധിയിലാക്കിയുള്ള 2019-ലെ ഉത്തരവ് അട്ടിമറിക്കപ്പെട്ടിരിക്കുകയാണ്. മോണോസൈറ്റിൽ നിന്നും വേർതിരിക്കാവുന്ന യുറേനിയം, പ്ലൂട്ടോണിയം, തോറിയം എന്നീ ഊർജ്ജ മൂലകങ്ങൾ സ്വകാര്യ മേഖലയുടെ കൈവശമെത്തുന്നത് രാജ്യസുരക്ഷയ്ക്കും രാജ്യതാല്പര്യത്തിനുമെതിരാണ്. പാരിസ്ഥിതികാനുമതിയില്ലാതെ ഖനനം ചെയ്യാമെന്ന നിർദ്ദേശം തീരദേശ ആവാസ വ്യവസ്ഥയെയും പാരിസ്ഥിതിക സന്തുലിതാവസ്ഥയെയും തകിടം മറിക്കുന്നതും ഖനനത്തെ ആശ്രയിച്ച് നിലനിൽക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ നിലനിൽപ്പിനെ ബാധിക്കുന്നതുമാണ്. കരിമണൽ ഖനനം പൊതുമേഖലയിൽ നിലനിർത്താൻവേണ്ട നടപടി സ്വീകരിക്കുന്നതിനൊപ്പം ഭേദഗതി നിർദ്ദേശങ്ങൾക്കെതിരെ സുപ്രീംകോടതിയെ സമീപിക്കുന്ന കാര്യവും പരിഗണിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): 1957-ലെ മൈൻസ് ആന്റ് മിനറൽസ് (ഡെവലപ്മെന്റ് ആന്റ് റെഗുലേഷൻ) ആക്ടിൽ വരുത്താനുദ്ദേശിക്കുന്ന ആറ് ഭേദഗതി നിർദ്ദേശങ്ങളിന്മേൽ സംസ്ഥാനങ്ങളുടെ അഭിപ്രായമറിയാൻ കേന്ദ്ര സർക്കാർ നോട്ടീസ് പുറപ്പെടുവിച്ചിരിക്കുകയാണ്. അറ്റോമിക് മിനറൽസ് ഖനനം ചെയ്യാൻ സർക്കാർ സ്ഥാപനങ്ങൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുള്ള അധികാരം സ്വകാര്യമേഖലയ്ക്ക് കൈമാറാനാണ് എം.എം.ഡി.ആർ. ആക്ട് ഭേദഗതിയിലൂടെ കേന്ദ്ര ഗവൺമെന്റ് ശ്രമിക്കുന്നത്. സംസ്ഥാന താല്പര്യങ്ങൾക്ക് വിരുദ്ധവും സംസ്ഥാനത്തിന്റെ അധികാരത്തിന്മേലുള്ള കടന്നുകയറ്റവുമായാണ് ഈ നീക്കത്തെ ഗവൺമെന്റ് കാണുന്നത്. രാജ്യത്തെ ഖനന നിയമങ്ങൾ രൂപീകരിക്കുമ്പോൾ പൊതുജനതാല്പര്യംകൂടി പരിഗണിക്കണമെന്ന ഭരണഘടനാ തത്വമാണ് ഭേദഗതി നിർദ്ദേശത്തിലൂടെ ഖണ്ഡിക്കപ്പെടുന്നത്. അറ്റോമിക് എനർജി, പ്രതിരോധ മേഖല, ബഹിരാകാശ പദ്ധതികൾ എന്നിവയുടെ ഉപയോഗം കണക്കിലെടുത്ത് ന്യൂക്ലിയർ പവർ പ്രോഗ്രാമുകൾക്കാവശ്യമായ ധാതുക്കളുടെ ഖനനാനുമതി സ്വകാര്യ കമ്പനികൾക്ക് നൽകേണ്ടതില്ലെന്ന 2019-ലെ കേന്ദ്ര ഖനി മന്ത്രാലയത്തിന്റെ തീരുമാനമാണ് ഭേദഗതി നിർദ്ദേശത്തിലൂടെ റദ്ദാകുന്നത്.

അത്യന്തം തന്ത്രപ്രാധാന്യമുള്ള ധാതുക്കൾ സ്വകാര്യ ഉടമസ്ഥതയിൽ ലഭ്യമാക്കുന്നത് രാജ്യസുരക്ഷയെ ബാധിക്കും. ജനസാന്ദ്രതയുള്ളതും പാരിസ്ഥിതിക ദുർബലവുമായ കേരളത്തിന്റെ തീരമേഖല സ്വകാര്യ ഖനനത്തിന് നൽകുന്നതുവഴി സംസ്ഥാന താല്പര്യങ്ങൾ സംരക്ഷിക്കാൻ തടസ്സമുണ്ടാകുകയും ഇത്തരം ധാതുവിഭവങ്ങളിലധിഷ്ഠിതമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ തകർച്ചയ്ക്ക് വഴിവയ്ക്കുകയും ചെയ്യും. സംസ്ഥാന താല്പര്യം ഹനിക്കുന്ന ഭേദഗതി നിർദ്ദേശങ്ങൾക്കെതിരെ സർക്കാർ അഭിപ്രായം രേഖപ്പെടുത്തുകയും ഭേദഗതി നിർദ്ദേശങ്ങളിലെ ഭരണഘടനാ ലംഘനമുൾപ്പെടെയുള്ള കാര്യങ്ങളിൽ നിയമപരമായ തുടർനടപടി സ്വീകരിക്കാൻ തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

### (2) കൃത്രിമ ജലപാതയ്ക്കുള്ള സ്ഥലമേറ്റെടുക്കൽ

ശ്രീ. സണ്ണി ജോസഫ്: മാഹി മുതൽ വളപട്ടണം വരെ നിർമ്മിക്കാനുദ്ദേശിക്കുന്ന കൃത്രിമ ജലപാത ശുദ്ധജല സ്രോതസ്സുകൾ, നെൽവയലുകൾ, തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ എന്നിവയെ പ്രതികൂലമായി ബാധിക്കുന്നതും ജനവാസ മേഖല, ടൗൺഷിപ്പ് എന്നിവിടങ്ങളിലൂടെ കടന്നുപോകുമ്പോൾ നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നതുമായതിനാൽ സ്ഥലമേറ്റെടുക്കലിന് പാരിസ്ഥിതിക-

സാമൂഹ്യാഘാത പഠനങ്ങൾ നടത്തുന്നതിനും ചർച്ച നടത്തി ജനങ്ങളുടെ ആശങ്കകൾ ദൂരീകരിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോവളം-ബേക്കൽ പശ്ചിമതീര ജലപാതയ്ക്ക് കണ്ണൂർ ജില്ലയിലെ മാഹി - വളപട്ടണം ഭാഗത്ത് കൃത്രിമ കനാലുകൾ നിർമ്മിക്കേണ്ടതുണ്ട്. തലശ്ശേരി താലൂക്കിലെ വിവിധ വില്ലേജുകളിൽക്കൂടി കടന്നുപോകുന്ന ഒന്നാം റീച്ചിന്റെ സാങ്കേതിക വിശകലനം നടന്നുവരികയും രണ്ടും മൂന്നും റീച്ചുകളിലുൾപ്പെടുന്ന വില്ലേജുകളിൽ അലൈൻമെന്റ് കല്ലുകൾ സ്ഥാപിച്ച് അടയാളപ്പെടുത്തുകയും സാമൂഹ്യാഘാത-പാരിസ്ഥിതിക പഠനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഭൂമിയേറ്റെടുക്കലുമായി ബന്ധപ്പെട്ട് സാമൂഹ്യാഘാത-പാരിസ്ഥിതിക പഠനങ്ങൾ നടത്തുമ്പോൾ പദ്ധതി പ്രദേശത്തുൾപ്പെടുന്നവരുടെ അഭിപ്രായങ്ങളും ആശങ്കകളും അറിയിക്കാൻ അവസരമൊരുക്കുന്നതും പഠനത്തിന്റെ അടിസ്ഥാനത്തിൽ മാത്രം ഭൂമിയേറ്റെടുക്കുന്നതുമാണ്. പ്രസ്തുത പദ്ധതി കണ്ടൽക്കാടുകളുടെ വർദ്ധനവിന് ഇടയാക്കുന്നതാണ്. മൂന്ന് റീച്ചുകളിലെയും ഭൂമിയേറ്റെടുക്കലിനും പുനരധിവാസത്തിനുമായി 650 കോടി രൂപയുടെ കിഫ്ബി ധനസഹായം ഉറപ്പാക്കിയിട്ടുള്ളതും എൽ.എ.ആർ.ആർ ആക്ട് 2013 പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് പദ്ധതി നടപ്പാക്കുന്നതും

ഏറ്റവും ഉദാരമായ നഷ്ടപരിഹാരവും ഭൂമിക്കും കെട്ടിടങ്ങൾക്കും മികച്ച വിലയും ഉറപ്പാക്കുന്നതുമാണ്.

## III. സബ്മിഷൻ

### 1. പരിസ്ഥിതി സൗഹൃദ ഭൂവിനിയോഗം

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): പട്ടയ ഭൂമിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള തടസ്സമൊഴിവാക്കുന്നതിന് ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തി പരിസ്ഥിതി സൗഹൃദ ഭൂവിനിയോഗം ഉറപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): 1960-ലെ ഭൂപതിവ് നിയമത്തിലെ വിവിധ ചട്ടങ്ങളുടെ അടിസ്ഥാനത്തിൽ വീടില്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിനും കൃഷി ഭൂമിയില്ലാത്തവർക്ക് കൃഷി ചെയ്യുന്നതിനുമാണ് പ്രധാനമായും ഭൂമി പതിച്ചുനൽകുന്നത്. കൃഷിക്കുവേണ്ടി പട്ടയം ലഭിച്ച ഭൂമി തലമുറ ക്രയവിക്രയത്തിലൂടെ കൈമാറിയാലും ആദ്യത്തെ പട്ടാധാരന് ലഭിക്കാത്ത അവകാശങ്ങൾ തുടർന്നുള്ള കൈവശക്കാർക്ക് ലഭിക്കുകയില്ലെന്ന് ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. മൂന്നാർ മേഖലയിൽ പതിച്ചുനൽകിയ ഭൂമി അതേ ആവശ്യത്തിനുതന്നെ വിനിയോഗിക്കണമെന്ന് ഉറപ്പാക്കണമെന്നും പ്രസ്തുത വിധിയിലെ നിർദ്ദേശങ്ങൾ

സംസ്ഥാനത്താകമാനം ബാധകമാക്കണമെന്നുമുള്ള ഹൈക്കോടതി വിധി സുപ്രീംകോടതി തള്ളിയ സാഹചര്യത്തിൽ മറ്റൊരിടത്തും ഭൂമിയില്ലെന്ന് വ്യക്തമായി തെളിയിക്കുന്നപക്ഷം അപ്രകാരമുള്ള നിർമ്മാണ പ്രവർത്തനങ്ങൾ ക്രമീകരിച്ചുകൊണ്ട് ഭൂപതിവ് ചട്ടങ്ങളിൽ ഭേദഗതി വരുത്തുന്നതിന് ഉന്നത ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുള്ളതും കരട് ലഭ്യമാകുന്നമുറയ്ക്ക് അക്കാര്യങ്ങൾ പരിശോധിക്കുന്നതുമാണ്.

## 2. വഖഫ് ബോർഡിലെ നിയമനങ്ങൾ

ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി: വഖഫ് ബോർഡിലെ നിയമനങ്ങൾ പി.എസ്.സി-ക്ക് വിട്ടതുമായി ബന്ധപ്പെട്ട് മുസ്ലീം മതസാമുദായിക സംഘടനകളുമായി നടത്തിയ ചർച്ചയിലെ തീരുമാനം സമയബന്ധിതമായി നടപ്പിലാക്കാൻ തയ്യാറാകണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വഖഫ് ബോർഡിലെ നിയമനം പി.എസ്.സി.-ക്ക് വിടരുതെന്ന ആവശ്യം നിയമം പാസ്സാക്കുന്ന സമയത്ത് സബ്ജക്ട് കമ്മിറ്റിയിലോ സഭയിലോ ആരുമുന്നയിച്ചിരുന്നില്ല. നിയമനിർമ്മാണത്തെത്തുടർന്ന് മുസ്ലീം സാമുദായിക സംഘടനകൾ ചില ആശങ്കകൾ പ്രകടിപ്പിച്ചതിനെത്തുടർന്ന് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ യാതൊരു തുടർനടപടിയും സ്വീകരിച്ചിട്ടില്ല.

നിയമഭേദഗതിക്കാവശ്യമായ നടപടി സ്വീകരിക്കാനും യോഗ്യരായവരെ നിയമിക്കാനുമാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

### 3. നദീതീരങ്ങൾക്ക് സംരക്ഷണഭിത്തി

ശ്രീ. സജി ചെറിയാൻ: പ്രളയാനന്തരം തകർന്ന ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ നദീതീരങ്ങൾക്ക് സംരക്ഷണഭിത്തി നിർമ്മിക്കാനാവശ്യമായ സാമ്പത്തിക സഹായം അനുവദിക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): പ്രളയത്തെത്തുടർന്ന് പമ്പ, അച്ചൻകോവിലാർ, കുട്ടൻപേരൂരാർ എന്നിവയുടെ തീരസംരക്ഷണത്തിന് മുന്തിയ പരിഗണന നൽകുകയും ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ മറ്റ് പ്രവൃത്തികൾക്ക് 20 കോടി രൂപയുടെ 52 എസ്റ്റിമേറ്റുകൾ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് മുൻഗണനാക്രമത്തിൽ പ്രവൃത്തികൾ നടപ്പിലാക്കുന്നതാണ്.

### 4. വർക്കല ക്ലിഫ് സംരക്ഷണം

ശ്രീ. വി. ജോയി: വർക്കല ബീച്ചിലെ ക്ലിഫ് സംരക്ഷിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി

(ശ്രീ. കെ. രാജൻ): വർക്കല-പാപനാശം മുതൽ വെറ്റക്കട വരെ നാല് കിലോമീറ്ററോളം വ്യാപിച്ചുകിടക്കുന്ന വർക്കല ക്ലിഫിന് ബീച്ച് ലെവലിൽ നിന്നും 15 മുതൽ 25 മീറ്റർ വരെ ഉയരമുണ്ട്. വർഷകാലത്ത് കുന്നിന്റെ അടിഭാഗത്ത് തിരമാലകൾ ശക്തമായി ഇടിക്കുന്നതുമൂലം കുന്നിന്റെ മുകൾഭാഗത്തെ മണ്ണിടിഞ്ഞുവീഴുന്ന പ്രതിഭാസം കണ്ടുവരുന്നുണ്ട്. നല്ല ഉയരമുള്ള കുന്നുകളെ സംരക്ഷണ ഭിത്തി, കോൺക്രീറ്റ് റീട്ടെയിനിംഗ് വാൾ എന്നിവ ഉപയോഗിച്ച് സംരക്ഷിക്കാൻ സാധിക്കില്ല. കുന്നുകൾ സംരക്ഷിക്കുന്ന പദ്ധതി തയ്യാറാക്കുന്നതിനായി ചെന്നൈയിലെ നാഷണൽ സെന്റർ ഫോർ കോസ്റ്റൽ റിസർച്ചിനെ ചുമതലപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

## 5. കാഞ്ഞങ്ങാട് വ്യവസായ പാർക്ക്

ശ്രീ. ഇ. ചന്ദ്രശേഖരൻ: കാഞ്ഞങ്ങാട് വ്യവസായ പാർക്കിൽ അടിസ്ഥാനസൗകര്യങ്ങൾ ഒരുക്കി സംരംഭകരുടെ യോഗം സംഘടിപ്പിക്കുന്നതിനും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): ഹോസ്ദുർഗ്ഗ് താലൂക്കിൽ പുതുക്കൈ, മടിക്കൈ വില്ലേജുകളിലുൾപ്പെട്ട 99.98

ഏക്കർ ഭൂമിയുടെ മുൻകൂർ കൈവശാവകാശമാണ് വ്യവസായ വകുപ്പിന് ലഭിച്ചിട്ടുള്ളത്. കാഞ്ഞങ്ങാട് വ്യവസായ പാർക്കിന് ചുറ്റുമതിൽ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ഉയർന്നുവന്നിട്ടുള്ള തർക്കം പരിഹരിക്കുകയും പുതുക്കിയ സ്കെച്ച് പ്രകാരം ചുറ്റുമതിൽ നിർമ്മാണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## 6. കണ്ണൂർ എയർപോർട്ടിലേയ്ക്കുള്ള റോഡ് നിർമ്മാണം

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ടിലേയ്ക്കുള്ള കണക്ടിവിറ്റി റോഡുകളുടെ ഡി.പി.ആർ. പൂർത്തിയാക്കി നിർമ്മാണം ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്ത്-വിനോദസഞ്ചാരം, യുവജനകാര്യ വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്): തലശ്ശേരി-കൊടുവള്ളി-അഞ്ചരക്കണ്ടി-മട്ടന്നൂർ എയർപോർട്ട് റോഡ്, പെരിങ്ങത്തൂർ-പാനൂർ-കൂത്തുപറമ്പ്-മട്ടന്നൂർ എയർപോർട്ട് റോഡ്, ബോയ്സ് ടൗൺ-പേരാവൂർ-ശിവപുരം-മട്ടന്നൂർ എയർപോർട്ട് റോഡുകളുടെ നിർമ്മാണം കിഫ്ബിയിൽ നിന്ന് സാമ്പത്തികാനുമതി ലഭ്യമാക്കി സമയബന്ധിതമായി നടപ്പിലാക്കുന്നതാണ്.

## 7. പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിന്റെ വികസനം

ശ്രീ. വി. കെ. പ്രശാന്ത്: പേരൂർക്കട മാനസികാരോഗ്യ കേന്ദ്രത്തിലെ

നിലവിലെ കെട്ടിടങ്ങളുടെ ശോച്യാവസ്ഥ പരിഹരിച്ച് കാലോചിതമായി പരിഷ്കരിക്കുന്നതിന് മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന നടപടി സ്വീകരിക്കുന്നതോടൊപ്പം മികച്ച സ്ഥാപനമാക്കി ഉയർത്തുന്നതിനും നിലവിലെ പേര് മാറ്റി മെന്റൽ ഹെൽത്ത് ഇൻസ്റ്റിറ്റ്യൂട്ട് ആന്റ് റിസർച്ച് സെന്റർ എന്നാക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): മാനസികാരോഗ്യ കേന്ദ്രങ്ങളുടെ കാലോചിതമായ പരിഷ്കരണവും വികസനവും സർക്കാർ ഗൗരവമായിട്ടാണ് കാണുന്നത്. നിലവിലുള്ള സെല്ലുകൾക്ക് പകരം ബിഹേവിയറൽ ഐ.സി.യു.-കൾ സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. ആശുപത്രിയുടെ സുഗമമായ പ്രവർത്തനത്തിനാവശ്യമായ അധിക തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്. നിലവിലെ കെട്ടിടങ്ങളുടെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിനും ദേശീയനിലവാരമുള്ള സ്ഥാപനമാക്കി ഉയർത്തുന്നതിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി മാസ്റ്റർപ്ലാൻ തയ്യാറാക്കുന്നതിന് കിറ്റ്കോ-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിംഹാൻസ് മാതൃകയിൽ ദേശീയ നിലവാരമുള്ള ഇൻസ്റ്റിറ്റ്യൂട്ടായി ഉയർത്തുന്ന കാര്യം പരിശോധിക്കുന്നതാണ്.

## 8. മങ്കി പോക്സ് പ്രതിരോധം

ഡോ. സുജിത് വിജയൻപിള്ള: സംസ്ഥാനത്ത് മങ്കി പോക്സ് സ്ഥിരീകരിച്ച സാഹചര്യത്തിൽ രോഗവ്യാപനം തടയുന്നതിനും രോഗികളുടെ സമ്പർക്ക പട്ടികയിലുൾപ്പെട്ടവരെ നിരീക്ഷിക്കുന്നതിനും ജനങ്ങളുടെ ആശങ്കയകറ്റുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): മങ്കി പോക്സ് വസൂരി സ്ഥിരീകരിച്ചവരുടെ ആരോഗ്യനില തൃപ്തികരമാണ്. മങ്കി പോക്സിന് കാരണമായ വൈറസിന്റെ രോഗവ്യാപനതീവ്രതയും മരണനിരക്കും കുറവാണ്. സംസ്ഥാനത്ത് എല്ലാ ജില്ലയിലും രോഗത്തെ സംബന്ധിച്ച ജാഗ്രതാനിർദ്ദേശവും മാർഗ്ഗരേഖയും നൽകി നിരീക്ഷണം ശക്തിപ്പെടുത്തിയിട്ടുണ്ട്. രോഗിയുമായി സമ്പർക്കം പുലർത്തിയവരുടെ പരിശോധനാഫലം നെഗറ്റീവാണ്. രോഗലക്ഷണങ്ങളുള്ളവരെ ജില്ലകളിലെ നിയുക്ത ആശുപത്രികളിലെ ഐസൊലേഷൻ വാർഡുകളിൽ നിരീക്ഷിക്കുന്നുണ്ട്. വിമാനത്താവളങ്ങളിൽ പ്രത്യേക ഹെൽപ്പ് ഡെസ്കും പരിശോധനാസംവിധാനവും തയ്യാറാക്കിയിട്ടുണ്ട്. ആലപ്പുഴയിലെ എൻ.ഐ.വി. ലാബിൽ സാമ്പിൾ പരിശോധനാസൗകര്യം ഏർപ്പെടുത്തുകയും ഐസൊലേഷൻ വാർഡുകളിൽ

ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാർക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. രോഗവ്യാപന സാദ്ധ്യത കൂടുതലുള്ള എമിഗ്രേഷൻ വിഭാഗം, ബാഗേജ് കൈകാര്യം ചെയ്യുന്ന ജീവനക്കാർ തുടങ്ങിയവരുടെ സമ്പർക്ക വിവരങ്ങൾ ശേഖരിക്കാൻ എയർപോർട്ട് അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മങ്കിപോക്സ് രോഗവുമായി ബന്ധപ്പെട്ട് സ്റ്റാന്റേർഡ് ഓപ്പറേറ്റിംഗ് പ്രൊസീഡ്യുവർ പുറപ്പെടുവിച്ചിട്ടുണ്ട്.

9. മഞ്ചേശ്വരത്തെ സർക്കാർ ആശുപത്രികൾ

ശ്രീ. എ. കെ. എം. അഷ്റഫ്: മംഗൽപ്പാടി താലൂക്കാസ്ഥാനാശുപത്രിയിലും മഞ്ചേശ്വരം, കുമ്പള സി.എച്ച്.സി.-കളിലും ഡോക്ടർമാരുൾപ്പെടെയുള്ള ജീവനക്കാരുടെ തസ്തികകൾ അനുവദിക്കുന്നതിനും അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും മംഗൽപ്പാടി താലൂക്കാസ്ഥാന ആശുപത്രിക്ക് ഏഴ് നില കെട്ടിടം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്): മഞ്ചേശ്വരം സാമൂഹ്യ ആരോഗ്യകേന്ദ്രത്തിൽ 38 സ്ഥിരം ജീവനക്കാരുടെ തസ്തികകളാണുള്ളത്. സി.എച്ച്.സി.-യിൽ ഗൈനക്കോളജി വിഭാഗമില്ലാത്തിനാൽ ജില്ലാ ആശുപത്രിയിലാണ് ഗൈനക്കോളജിസ്റ്റിന്റെ

സേവനം ക്രമീകരിച്ചിട്ടുള്ളത്. കാസർഗോഡ് വികസന പാക്കേജിലുൾപ്പെടുത്തി 3.7 കോടി രൂപയുടെ കെട്ടിട നിർമ്മാണത്തിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മഞ്ചേശ്വരം സി.എച്ച്.സി.-യെ ബ്ലോക്കുതല കുടുംബാരോഗ്യകേന്ദ്രമാക്കി ഉയർത്തിയതിന്റെയടിസ്ഥാനത്തിൽ 37.50 ലക്ഷം രൂപയുടെ നിർമ്മാണപ്രവർത്തനം പുരോഗമിക്കുന്നുണ്ട്. 44 ജീവനക്കാരുടെ സ്ഥിരം തസ്തികകളുള്ള കുമ്പള സാമൂഹ്യ ആരോഗ്യ കേന്ദ്രത്തെ ബ്ലോക്കുതല കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തിയതിന്റെ അടിസ്ഥാനത്തിൽ പുതിയ കെട്ടിട നിർമ്മാണം സർക്കാരിന്റെ പരിഗണനയിലാണ്. മംഗൽപ്പാടി താലൂക്കാശുപത്രിയിൽ ഡോക്ടർ, നഴ്സിംഗ് ഓഫീസർമാർ തുടങ്ങിയ തസ്തികയിലെ ഒഴിവുകൾ അഡ്ഹോക്ക് വ്യവസ്ഥയിലുള്ള നിയമനം വഴിയും എൻ.എച്ച്.എം. മുഖാന്തരവും നികത്തിയിട്ടുണ്ട്. ധനാനുമതി ലഭിച്ച മൂന്ന് നിലയുള്ള കെട്ടിടത്തെ ഏഴു നിലകളാക്കണമെങ്കിൽ കിഫ്ബിയുടെ പരിശോധനയും അനുമതിയും ആവശ്യമാണ്.

## 10. <u>ഹജ്ജ് തീർത്ഥാടനം</u>

<u>ശ്രീ. എം. നൗഷാദ്</u>: സ്വകാര്യ ഏജൻസികൾ മുഖേന ഹജ്ജ് തീർത്ഥാടനത്തിന് പോകുന്ന വിശ്വാസികൾ നേരിടുന്ന ബുദ്ധിമുട്ടുകൾ

പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണം.

മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): ഈ വർഷം ഹജ്ജ് തീർത്ഥാടനത്തിനായി സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകൾ മുഖേന യാത്ര ചെയ്തവർക്ക് പ്രയാസം നേരിടേണ്ടിവന്നതു സംബന്ധിച്ച് പരാതി ലഭിച്ചിട്ടുണ്ട്. ഹജ്ജ് ക്വാട്ടയുടെ 30 ശതമാനം സ്വകാര്യ ഗ്രൂപ്പുകൾക്കായി മാറ്റിവയ്ക്കാറുണ്ട്. ഹജ്ജ് കർമ്മത്തോടനുബന്ധിച്ച് പുണ്യസ്ഥലങ്ങൾ സന്ദർശിക്കുന്നതിന് സ്വകാര്യ ഗ്രൂപ്പുകൾ അധിക പണം ഈടാക്കിവരുന്നതോടൊപ്പം ഫ്ലൈറ്റുകളിൽ ഭക്ഷണം കൃത്യമായി നൽകാത്ത അവസ്ഥയുമാണുള്ളത്. ഇത്തരം കാര്യങ്ങൾ നിയന്ത്രിക്കുന്നതിന് സർക്കാർ ഇടപെടുന്നതാണ്. തീർത്ഥാടകർക്ക് വേണ്ട സൗകര്യങ്ങൾ ഉറപ്പുവരുത്തിയശേഷമേ പ്രൈവറ്റ് ഹജ്ജ് ഗ്രൂപ്പിന് ക്വാട്ട അനുവദിക്കാൻ പാടുള്ളൂവെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതാണ്. സ്വകാര്യ ഏജൻസികൾക്ക് കേന്ദ്ര ന്യൂനപക്ഷ മന്ത്രാലയത്തിൽ രജിസ്ട്രേഷൻ നടത്താൻ സംസ്ഥാന സർക്കാരിന്റെ എൻ.ഒ.സി. നിർബന്ധമാക്കും. പ്രീമിയം കാറ്റഗറിയിലെ തീർത്ഥാടകർക്ക് സേവനങ്ങൾ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതാണ്. സ്വകാര്യ ഹജ്ജ് തീർത്ഥാടകരുടെ സൗകര്യങ്ങൾ പരിശോധിക്കുന്നതിനും

ഉറപ്പുവരുത്തുന്നതിനും ഹജ്ജ് വോളണ്ടിയർമാരുടെയും ഉദ്യോഗസ്ഥരുടെയും സേവനം ലഭ്യമാക്കുന്ന കാര്യം പരിശോധിക്കും. പരാതികൾക്കിടയാകുന്ന സ്വകാര്യ ഹജ്ജ് ഗ്രൂപ്പുകൾക്കെതിരെ മനുഷ്യാവകാശ ലംഘനം, വഞ്ചനാകുറ്റം ഉൾപ്പെടെയുള്ള വകുപ്പുകൾ ചുമത്തി നിയമനടപടികൾ സ്വീകരിക്കും. സ്വകാര്യ ഹജ്ജ് ഗ്രൂപ്പ് നടത്തിപ്പുമായി ബന്ധപ്പെട്ട് സർക്കാർ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുകയും അവ കൃത്യമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യും.

## IV. മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1 പ്രകാരവും ചട്ടം 47(2), 236(5), 236(6) പ്രകാരമുള്ള കടലാസുകൾ മേശപ്പുറത്തുവച്ചു.

## V. റിപ്പോർട്ടുകളുടെ സമർപ്പണം

(1) ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ ഇരുപതു മുതൽ ഇരുപത്തിമൂന്ന് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

(2) എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ മൂന്നു മുതൽ അഞ്ചു വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിച്ചു.

(3) യുവജനക്ഷേമവും യുവജനകാര്യവും സംബന്ധിച്ച സമിതിയുടെ രണ്ടും മൂന്നും റിപ്പോർട്ടുകൾ സമർപ്പിച്ചു.

(4) പട്ടികജാതി - പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയുടെ മൂന്നാമത് റിപ്പോർട്ട് സമർപ്പിച്ചു.

കാര്യവിവരപട്ടികയിൽ അഞ്ചാമത്തെ ഇനമായി ഉൾപ്പെടുത്തിയിട്ടുള്ള ഗവൺമെന്റ് പ്രമേയത്തിന്റെ ഉള്ളടക്കം സംബന്ധിച്ച് കൂടുതൽ കൂടിയാലോചനകൾ ആവശ്യമുണ്ടെന്ന പൊതുവായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രമേയം 21-7-2022-ന് പരിഗണിക്കുന്നതിനായി മാറ്റിവച്ചു.

## VI. റൂളിംഗ്

മി. സ്പീക്കർ: ശ്രീമതി കെ.കെ. രമയുടെ പ്രസംഗത്തെ മുൻനിർത്തി തുടർന്ന് സംസാരിച്ച ശ്രീ. എം. എം. മണി നടത്തിയ പരാമർശം ആക്ഷേപകരമായതിനാൽ ചട്ടം 307 പ്രകാരം സഭാ നടപടികളിൽനിന്നും നീക്കം ചെയ്യണമെന്ന് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും പ്രതിപക്ഷനേതാവും ശ്രീ. രമേശ് ചെന്നിത്തലയും ഉന്നയിക്കുകയുണ്ടായി. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കാമെന്ന് ചെയർ സഭയെ അറിയിച്ചിരുന്നു.

സഭയിൽ ഉപയോഗിക്കാൻ പാടില്ലാത്തതെന്ന് പൊതുവിൽ അംഗീകരിച്ചിട്ടുള്ള ചില വാക്കുകളുണ്ട്. അൺപാർലമെന്ററിയായ അത്തരം വാക്കുകൾ ഉപയോഗിച്ചില്ലെങ്കിലും ചില പരാമർശങ്ങൾ അനുചിതവും

അസ്വീകാര്യവുമാകാം. ഫ്യൂഡൽ മൂല്യബോധത്തെ പ്രതിനിധീകരിക്കുന്ന വാക്കുകളും പ്രയോഗങ്ങളും ആധുനിക ജനാധിപത്യ ലോകത്തിന്റെ മൂല്യബോധത്തിന് വിരുദ്ധമായിരിക്കും. അതുകൊണ്ടാണ് നേരത്തെ സാർവത്രികമായി ഉപയോഗിച്ചിരുന്ന പഴഞ്ചൊല്ലുകൾ, തമാശകൾ, പ്രാദേശിക വാങ്മൊഴികൾ എന്നിവയിൽ പലതും ഇന്ന് കാലഹരണപ്പെട്ടതും ഉപയോഗിച്ചുകൂടാത്തതുമാകുന്നത്. മനുഷ്യരുടെ നിറം, ശാരീരിക പ്രത്യേകതകൾ, പരിമിതികൾ, ചെയ്യുന്ന തൊഴിൽ, കുടുംബപശ്ചാത്തലം, ജാതി, മതം, ലിംഗപരമായ സവിശേഷതകൾ, ജീവിതാവസ്ഥകൾ എന്നിവയെ മുൻനിർത്തിയുള്ള പരിഹാസ പരാമർശങ്ങൾ, ആണത്തഘോഷണങ്ങൾ എന്നിവയെല്ലാം ആധുനിക ലോകത്ത് അപരിഷ്കൃതമായിട്ടാണ് കണക്കാക്കപ്പെടുന്നത്. സ്ത്രീകൾ, ട്രാൻസ്ജെൻഡറുകൾ, ഭിന്നശേഷിക്കാർ, കാഴ്ചപരിമിതർ, പാർശ്വവൽകൃത ജനവിഭാഗങ്ങൾ എന്നിവരെക്കുറിച്ച് പരാമർശിക്കുമ്പോൾ ഈ പരിഗണന പ്രധാനമാണ്. എന്നാൽ ജനപ്രതിനിധികളിൽ പലർക്കും ഈ മാറ്റം വേണ്ടത്ര മനസ്സിലാക്കാനായിട്ടില്ല. വാക്കുകൾ വിലക്കാനും നിരോധിക്കാനുമുള്ള ചെയറിന്റെ അധികാരം പ്രയോഗിച്ച് അടിച്ചേല്പിക്കേണ്ടതാണ് ആ മാറ്റമെന്ന് കരുതുന്നില്ല. സ്വയം തിരുത്തലുകളും നവീകരണവും അംഗങ്ങളുടെ

ഭാഗത്തുനിന്നുണ്ടാവുകയാണ് വേണ്ടത്. മുകളിൽ പറഞ്ഞ കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ശ്രീ. എം. എം. മണിയുടെ പ്രസംഗത്തിൽ തെറ്റായ ഒരു ആശയം അന്തർലീനമായിട്ടുണ്ടെന്നാണ് ചെയറിന്റെ അഭിപ്രായം. അത് പുരോഗമനപരമായ മൂല്യബോധവുമായി ചേർന്നുപോകുന്നതല്ല. ചെയറിന്റെ നിരീക്ഷണത്തിൽ അനുചിതമായ പ്രയോഗം ശ്രീ. എം. എം. മണി പിൻവലിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റൊരു മുതിർന്ന അംഗം പുറത്ത് മാധ്യമങ്ങളോട് പ്രകോപനമൊന്നുമില്ലാതെ ചെയറിനെ സംബന്ധിച്ച് അങ്ങേയറ്റം ദുഃസ്സൂചനയോടെ ചില പരാമർശങ്ങൾ നടത്തിയത് മാധ്യമങ്ങളിൽ കാണുകയുണ്ടായി. സഭയ്ക്കു പുറത്ത് ചെയറിനെ സംബന്ധിച്ച് നടത്തിയ പരാമർശങ്ങൾ ഉചിതമായോ എന്ന് സ്വയം വിലയിരുത്തട്ടെ എന്നു മാത്രമേ ചെയർ അഭിപ്രായപ്പെടുന്നുള്ളൂ. അതോടൊപ്പം ജൂലായ് 14-ന് ശ്രീ. എം. എം. മണിയുടെ പ്രസ്താവനയിൽ പ്രതിഷേധിക്കുന്ന വേളയിൽ സഭയുടെ അന്തസ്സിന് ചേരാത്ത മുദ്രാവാക്യങ്ങൾ ചില അംഗങ്ങൾ വിളിച്ചതും ഡയസ്സിലേയ്ക്ക് തള്ളിക്കയറാൻ ശ്രമിച്ചതും തികച്ചും ദൗർഭാഗ്യകരമാണ്. വാക്കിലും പ്രവൃത്തിയിലും പെരുമാറ്റത്തിലും സഭയുടെ അന്തസ്സും ഉന്നത മൂല്യങ്ങളും ഉയർത്തിപ്പിടിക്കാൻ എല്ലാ അംഗങ്ങളും ജാഗ്രത പുലർത്തണമെന്ന് ചെയർ ഓർമ്മിപ്പിക്കുന്നു.

## VIII. പരാമർശം പിൻവലിക്കൽ

ശ്രീ. എം. എം. മണി: 14-07-2022-ന് സഭയിൽ നടത്തിയ പ്രസംഗത്തിലെ പരാമർശം ആരെയും അപമാനിക്കണമെന്ന ഉദ്ദേശ്യലക്ഷ്യത്തോടെ ആയിരുന്നില്ല. പ്രസ്തുത പരാമർശം പിൻവലിക്കുന്നു.

**പ്രസ്താവന**

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രിയുടെ പരാമർശത്തിനെതിരെ
നിർദ്ദേശം 1 (എ) പ്രകാരം ഉന്നയിച്ചത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ശമ്പളം കിട്ടാത്തതിനാൽ മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ എൽ.ഡി. ക്ലർക്കായ ശ്രീ. എം. വി. ബാബു കോൺക്രീറ്റ് പണിക്ക് പോയതായ 'മലയാള മനോരമ' ദിനപ്പത്രത്തിലെ വാർത്ത ഉദ്ധരിച്ച് 12-07-2022-ൽ നടത്തിയ വാക്കൗട്ട് പ്രസംഗത്തിൽ പരാമർശിച്ചതിനെത്തുടർന്ന് ജീവനക്കാരൻ സഹോദരന്റെ വീട്ടിൽ ജോലി ചെയ്യുന്നതിന്റെ വ്യാജചിത്രമാണ് വാർത്തയായി പ്രചരിപ്പിച്ചതെന്ന് സഭയിൽ മന്ത്രി പ്രസ്താവിച്ചിരുന്നു. ശമ്പളം കിട്ടാത്തതിനാൽ ഒഴിവുസമയങ്ങളിൽ കൂലിപ്പണിക്ക് പോകാറുണ്ടെന്നാണ് മാതൃഭൂമി ന്യൂസിന് നൽകിയ അഭിമുഖത്തിൽ ജീവനക്കാരൻ പ്രസ്താവിച്ചിരിക്കുന്നത്. 'കോൺക്രീറ്റ് ജോലികൾക്ക് ബന്ധപ്പെടുക' എന്ന നോട്ടീസും ജീവനക്കാരൻ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ശമ്പളം കിട്ടുന്നില്ലെന്ന്

ഗ്രാമപഞ്ചായത്തിലെ മറ്റ് രണ്ട് ജീവനക്കാരും പറഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ സഭയിൽ നടത്തിയ പ്രസ്താവനയിലെ തെറ്റ് തിരുത്തണം.

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): ശമ്പളം കിട്ടാത്തതിനാൽ കൂലിപ്പണിക്ക് പോയതായി പ്രചരിക്കുന്ന വാർത്തകൾ തെറ്റാണെന്നും ശമ്പളം വൈകിയിട്ടില്ലെന്നും സഹോദരന്റെ വീട്ടിൽ ജോലിചെയ്യുന്ന ചിത്രമാണ് മാധ്യമങ്ങളിൽ വന്നതെന്നും മലപ്പട്ടം ഗ്രാമപഞ്ചായത്തിലെ ജീവനക്കാരനായ ശ്രീ. എം. വി. ബാബു നേരിൽപ്പറഞ്ഞിട്ടുണ്ട്; വീഡിയോയും ലഭ്യമാണ്. വാക്കൗട്ട് പ്രസംഗത്തിനിടെ മാധ്യമ വാർത്ത ഉദ്ധരിച്ച് പ്രതിപക്ഷനേതാവ് നടത്തിയ പരാമർശം വാസ്തവവിരുദ്ധമാണെന്ന് ധനാഭ്യർത്ഥന ചർച്ചയുടെ മറുപടി പ്രസംഗത്തിൽ പറഞ്ഞിരുന്നു. സഭയിൽ നടത്തിയ പ്രസ്താവന തെറ്റാണെന്ന് ജീവനക്കാരനോ വീട്ടുടമസ്ഥനോ പറഞ്ഞിട്ടില്ല. ജീവനക്കാർക്ക് കൂലിപ്പണിക്ക് പോകേണ്ട സാഹചര്യമില്ലെന്ന് മലപ്പട്ടം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പ്രസ്താവിച്ചിട്ടുമുണ്ട്. പ്രസ്താവന വസ്തുതാപരമായതിനാൽ പിൻവലിക്കേണ്ട സാഹചര്യമില്ല.

## IX. ധനകാര്യം

### 2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകളെ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും

2022-23 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിലേയ്ക്കുള്ള ഉപധനാഭ്യർത്ഥനകൾ അനുവദിക്കണമെന്ന പ്രമേയം ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ അവതരിപ്പിക്കുകയും അവ പിന്താങ്ങപ്പെടുകയും ചെയ്തു.

ശ്രീ. എ. എൻ. ഷംസീർ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഗെയിൽ പൈപ്പ്‌ലൈൻ, ദേശീയപാത നിർമ്മാണം, കെ-ഫോൺ എന്നിവ യാഥാർത്ഥ്യമാക്കിയതും ഭവനരഹിതർക്ക് വീട് നിർമ്മിച്ചുനൽകിയതും പട്ടയ വിതരണം യാഥാർത്ഥ്യമാക്കിയതും 35.64 ലക്ഷം കുടിവെള്ള കണക്ഷനുകൾ നൽകിയതും റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി റോഡുകൾ നിർമ്മിച്ചതും സർക്കാരിന്റെ പ്രവർത്തനമികവ് വ്യക്തമാക്കുന്നതാണ്. ക്ഷേമപെൻഷനുകൾ കുടിശ്ശികയില്ലാതെ വിതരണം ചെയ്യാനായതും സർക്കാർ ആശുപത്രികളിൽ കാത്ത് ലാബ്, ഡയാലിസിസ് യൂണിറ്റ് എന്നിവ ആരംഭിച്ചതും പൊതുവിദ്യാലയങ്ങൾ ഹൈടെക്കാക്കി മാറ്റിയതും സർക്കാരിന്റെ സാമൂഹ്യ പ്രതിബദ്ധത വ്യക്തമാക്കുന്നതാണ്.

ശ്രീ. രമേശ് ചെന്നിത്തല: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയാണ് സംസ്ഥാനം നേരിടുന്നത്. സർക്കാരിന്റെ വികസന/ജനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സാധിക്കുന്നില്ല. ധനകാര്യ മാനേജ്മെന്റിലെ കെടുകാര്യസ്ഥതയും ഉയർന്ന ധനക്കമ്മിയുമുള്ള സംസ്ഥാനം കേരളമാണെന്ന 15-ാം ധനകാര്യ കമ്മീഷന്റെ വിലയിരുത്തൽ പരിശോധിക്കണം. നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിക്കണം. കിഫ്ബി പദ്ധതി ബഡ്ജറ്റിന്റെ ഭാഗമായി നടപ്പാക്കണം. ഏറ്റവും കൂടുതൽ കടബാദ്ധ്യതയുള്ള സംസ്ഥാനങ്ങളുടെ പട്ടികയിൽ കേരളവുമുണ്ടെന്ന ആർ.ബി.ഐ.-യുടെ നിരീക്ഷണം ഗുരുതരമാണ്. കേന്ദ്രത്തിൽനിന്ന് കടമെടുക്കാനുള്ള പരിധി വെട്ടിക്കുറയ്ക്കുകയും ജി.എസ്.ടി. നഷ്ടപരിഹാരം നിർത്തലാക്കുകയും ചെയ്താൽ സംസ്ഥാനത്തിന് മുന്നോട്ടുപോകാൻ സാധിക്കാത്ത സ്ഥിതി സംജാതമാകും. ആശ്വാസകിരണം പദ്ധതിയിലൂടെയുള്ള ആനുകൂല്യം, അർബുദരോഗികൾക്കുള്ള പെൻഷൻ എന്നിവ യഥാസമയം വിതരണം ചെയ്യാത്തതും ആശുപത്രികളിൽ അവശ്യമരുന്നുകൾ ലഭ്യമാക്കാത്തതും അപലപനീയമാണ്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. ഈ വർഷം സംസ്ഥാനത്ത് നടപ്പിലാക്കാനുദ്ദേശിക്കുന്ന വികസനക്ഷേമപ്രവർത്തനങ്ങളുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കുന്ന നടപടികൾ സർക്കാർ ആരംഭിച്ചിരിക്കുകയാണ്. നികുതി വരുമാനം വർദ്ധിപ്പിക്കാനുള്ള മാർഗ്ഗങ്ങൾ ആവിഷ്കരിക്കണം. ഹോട്ടലുകളിൽ ഭക്ഷണം ബാക്കിവയ്ക്കുന്ന ഉപഭോക്താവിൽനിന്ന് വേസ്റ്റ് നികുതി ഈടാക്കുകയെന്ന ആശയം നടപ്പാക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കണം. കടലാക്രമണം തടയുന്നതിനും പുനർഗേഹം പദ്ധതിയുടെ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തുന്നതിനും നടപടി സ്വീകരിക്കണം. തീരദേശ സംരക്ഷണത്തിന് പ്രത്യേകം ബോർഡ് രൂപീകരിക്കുന്ന കാര്യം പരിശോധിക്കണം. ഭൂമിയുടെ തരംമാറ്റൽ ത്വരിതപ്പെടുത്തുന്നതിനും ഭൂമികേരളം പദ്ധതിക്ക് സ്ഥലമേറ്റെടുത്തതിലെ തർക്കം പരിഹരിക്കുന്നതിനും സുനാമിബാധിതരുടെ വീടുകൾ സുരക്ഷിത ഭവനങ്ങളാക്കി മാറ്റുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. പി. കെ. ബഷീർ</u>: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ബഡ്ജറ്റിലെ പ്രഖ്യാപനങ്ങൾ നടപ്പിലാക്കാത്തത് പ്രതിഷേധാർഹമാണ്. സ്വാശ്രയ കോളേജുകൾക്ക് അംഗീകാരം നൽകുന്നതിലൂടെ വിദ്യാഭ്യാസ മേഖലയെ സ്വകാര്യവൽക്കരിക്കുന്നതിനുള്ള നടപടി അപലപനീയമാണ്.

പുതിയ വിദ്യാഭ്യാസ നയത്തിൽ ഗവേഷണത്തിന് നൽകുന്ന പ്രാധാന്യം സംസ്ഥാനത്ത് ഗവേഷണ രംഗത്ത് ലഭിക്കുന്നില്ലെന്നുള്ളത് ഖേദകരമാണ്.

ശ്രീ. എച്ച്. സലാം: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സമഗ്രവും സുസ്ഥിരവുമായ വികസന പ്രവർത്തനങ്ങളാണ് സർക്കാർ നടപ്പിലാക്കിവരുന്നത്. വിവിധ മേഖലകളിലായി കിഫ്ബി വഴി നടത്തുന്ന പ്രവൃത്തികൾ അഭിമാനകരമാണ്. കേന്ദ്രം സംസ്ഥാനങ്ങളുമായി പങ്കുവയ്ക്കേണ്ട നികുതി വിഹിതം കുറയ്ക്കുകയും സെസ്, സർചാർജ് ഉൾപ്പെടെ വർദ്ധിപ്പിക്കുകയും റവന്യൂ ഡെഫിസിറ്റ് ഗ്രാന്റും ജി.എസ്.ടി. നഷ്ടപരിഹാരത്തുകയും നിർത്തലാക്കാൻ തീരുമാനിക്കുകയും ചെയ്യുതിലൂടെ സാമ്പത്തിക ഞെരുക്കം മറികടക്കാൻ കിഫ്ബിയിലൂടെയുള്ള വികസനക്ഷേമ പ്രവർത്തനങ്ങളുമായാണ് സർക്കാർ മുന്നോട്ടുപോകുന്നത്. വിജ്ഞാനത്തെയും ഉൽപ്പാദനത്തെയും ബന്ധിപ്പിച്ച് പുതിയ വികസന കാഴ്ചപ്പാടിലൂടെ നവകേരളം സൃഷ്ടിക്കുകയെന്ന ലക്ഷ്യം മുൻനിർത്തിയും കേരളത്തിലെ ജനങ്ങളുടെ ജീവിതനിലവാരം 25 വർഷംകൊണ്ട് വികസിത രാജ്യങ്ങൾക്ക് സമാനമാക്കാനുമുള്ള മികച്ച കാഴ്ചപ്പാടാണ് സർക്കാരിനുള്ളത്.

ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. പ്രളയമുൾപ്പെടെയുള്ള പ്രകൃതിദുരന്തങ്ങളും കോവിഡ്

പ്രതിസന്ധിയും ഉൽപ്പാദന-തൊഴിൽ-വരുമാന നഷ്ടത്തിന് കാരണമായപ്പോഴും നികുതി ചോർച്ച തടയുന്നതിനും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള കാര്യക്ഷമമായ നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. എരുമേലി എയർപോർട്ട് തടസ്സങ്ങൾ നീക്കി യാഥാർത്ഥ്യമാക്കുന്നതിനും പ്രളയംമൂലം തകർന്ന പാലങ്ങളും ഗ്രാമീണ റോഡുകളും പുനരുദ്ധരിക്കുന്നതിനും നടപടി സ്വീകരിക്കണം. ദേശീയപാത-ജലപാത വികസനം, തീരദേശ-മലയോര ഹൈവേ, സിൽവർലൈൻ, വിഴിഞ്ഞം തുറമുഖം, ഔട്ടർ റിംഗ് റോഡ്, കെ-ഫോൺ, മെഡിസെപ് തുടങ്ങിയ പദ്ധതികളാവിഷ്കരിക്കാൻ സാധിച്ചത് ഗവൺമെന്റിന്റെ നേട്ടമാണ്.

<u>ശ്രീ. വി. ജോയി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വെൽത്ത് ടാക്സ് നിർത്തലാക്കുകയും ദേശീയ തൊഴിലുറപ്പ് പദ്ധതിക്കും കാർഷിക മേഖലയ്ക്കും തുക വെട്ടിക്കുറയ്ക്കുകയും പെട്രോൾ, ഡീസൽ എന്നിവയ്ക്ക് അധിക നികുതി ഏർപ്പെടുത്തുകയും ചെയ്ത കേന്ദ്രസർക്കാർ നടപടി പ്രതിഷേധാർഹമാണ്. ജനക്ഷേമ പദ്ധതികൾ വൈകിപ്പിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. പ്രഭാകരൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വികസന രംഗത്ത് വിസ്മയകരമായ മുന്നേറ്റം കൈവരിക്കാൻ ഇടതുപക്ഷ

ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. വ്യവസായ ഇടനാഴി, ഹൈവേ നിർമ്മാണം, സർക്കാർ സ്കൂളുകളുടെയും ആശുപത്രി കെട്ടിടങ്ങളുടെയും നിർമ്മാണം തുടങ്ങി വിപ്ലവകരമായ മാറ്റങ്ങൾക്ക് നിദാനമായ കിഫ്ബിയെ തകർക്കുന്ന നിലപാടുകളാണ് കേന്ദ്ര സർക്കാരും പ്രതിപക്ഷവും സ്വീകരിക്കുന്നത്.

<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കെ-ഫോൺ പദ്ധതി ആവിഷ്കരിച്ചതും, ഡിജിറ്റൽ സർവ്വകലാശാല ആരംഭിച്ചതും കേരള ബാങ്ക് രൂപീകരിച്ചതും അഭിമാനകരമാണ്. നഷ്ടത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ ഏറ്റെടുക്കുന്നതും വൈദ്യുതിമേഖല സ്വകാര്യവത്കരിക്കുന്നതിനെതിരെ നിലപാടുകളെടുക്കുന്നതും കേന്ദ്ര നയങ്ങൾക്കെതിരെയുള്ള ബദൽ നീക്കമാണ്. ദേശീയപാത വികസനത്തിനുവേണ്ടി സ്ഥലമേറ്റെടുക്കാൻ സാധിച്ചതും നൂറുദിന കർമ്മപരിപാടി നടപ്പാക്കിയതും നീതി ആയോഗിന്റെ മാനവ വികസന സൂചികയിൽ കേരളം ഒന്നാം സ്ഥാനം നിലനിർത്തിയതും സർക്കാർ സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കിയതും മെഡിസെപ് പദ്ധതി നടപ്പാക്കിയതും കിഫ്ബി മുഖേന അടിസ്ഥാന സൗകര്യ വികസനത്തിൽ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചതും പൊതുവിദ്യാലയങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാൻ സാധിച്ചതും ഈ സർക്കാരിന്റെ

നേട്ടങ്ങളാണ്.

ശ്രീ. കെ. ആൻസലൻ: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. വൈജ്ഞാനിക സമ്പദ്‌വ്യവസ്ഥയിലൂടെ കൂടുതൽ തൊഴിലും ഉത്പാദന വർദ്ധനവും പ്രദാനം ചെയ്യുന്ന ബഡ്ജറ്റിൽ അടിസ്ഥാന സൗകര്യ വികസനത്തിനും ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനും കെ-റെയിൽ പദ്ധതിക്ക് ഭൂമിയേറ്റെടുക്കുന്നതിനും ആരോഗ്യമേഖലയ്ക്കും റീ-ബിൽഡ് കേരള പദ്ധതിക്കും ഐ.ടി. വികസനത്തിനും ജില്ലാ സ്കിൽ പാർക്കുകൾക്കും ആരോഗ്യ-വ്യവസായ-വിദ്യാഭ്യാസ-കാർഷിക മേഖലകൾക്കും തുക വകയിരുത്തിയിട്ടുണ്ട്. ബഡ്ജറ്റ് നിർദ്ദേശങ്ങൾ ദരിദ്ര പിന്നാക്ക വിഭാഗങ്ങൾക്കും ട്രാൻസ്ജെൻഡറുകൾക്കും തൊഴിലും പരിരക്ഷയും ഉറപ്പാക്കുന്നു. നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ കൊല്ലങ്കോട്-പൊഴിയൂർ തീരദേശത്തെ കടലാക്രമണം തടയുന്നതിന് ടെട്രാപോഡ് സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടിന് അനുമതി നൽകുന്നതിനും പൊഴിയൂരിൽ ഫിഷിംഗ് സെന്ററും നെയ്യാറ്റിൻകരയിൽ തിയേറ്റർ സമുച്ചയവും ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. മഞ്ഞളാംകുഴി അലി: ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. ഒന്നാം പിണറായി സർക്കാരിന്റെ സ്വപ്ന പദ്ധതികളുടെ നിലവിലെ അവസ്ഥ

പരിതാപകരമാണ്. ഒറിജിനൽ എസ്റ്റിമേറ്റിൽ തുക ബാക്കിയുണ്ടായിട്ടും സപ്ലിമെന്ററിയായി അധിക തുക പാസ്സാക്കിയെടുക്കുകയും ചെലവഴിക്കാതിരിക്കുകയും ചെയ്യുന്നത് സഭയെ തെറ്റിദ്ധരിപ്പിക്കലാണ്. വകുപ്പുകളുടെ ധനവിനിയോഗം സൂക്ഷ്മമായി നിരീക്ഷിക്കുന്നതിന് യാതൊരു സംവിധാനവുമില്ല. ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് അവെയ്ൽ ചെയ്ത വ്യാപാരികളിൽനിന്നും പലിശ ഈടാക്കുന്നത് നീതീകരിക്കാവുന്നതല്ല.

<u>ശ്രീ. തോമസ് കെ. തോമസ്</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും സമസ്ത മേഖലകളിലും വളർച്ച ലക്ഷ്യമിട്ടുള്ള പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്. മുപ്പത് വർഷത്തേയ്ക്കുള്ള വികസന പദ്ധതികളാണ് കഴിഞ്ഞ ആറുവർഷംകൊണ്ട് കിഫ്ബി മുഖേന നടപ്പിലാക്കിയത്. കുട്ടനാട്ടിലെ താറാവുകൃഷിക്കാരെ സാമ്പത്തികമായി സഹായിച്ച നടപടി പ്രശംസനീയമാണ്.

<u>ശ്രീമതി സി. കെ. ആശ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. നവകേരളം യാഥാർത്ഥ്യമാക്കുന്നതിനായി പശ്ചാത്തല വികസനവും നിക്ഷേപങ്ങളും സാദ്ധ്യമാക്കുന്നതിനുള്ള ശ്രമങ്ങൾക്ക് തുരങ്കംവയ്ക്കുന്ന കേന്ദ്ര സർക്കാരിന്റെയും പ്രതിപക്ഷത്തിന്റെയും നീക്കം ദൗർഭാഗ്യകരമാണ്. അടിസ്ഥാന പശ്ചാത്തല സൗകര്യ വികസനം ചുരുങ്ങിയ കാലത്തിനുള്ളിൽ

കിഫ്ബിയിലൂടെ നടപ്പിലാക്കാൻ സാധിച്ചത് അഭിമാനകരമാണ്. കേന്ദ്ര സർക്കാരിന്റെ ജനദ്രോഹ നിലപാടുകളെ വിമർശിക്കാൻ പ്രതിപക്ഷം തയ്യാറാകാത്തത് അപലപനീയമാണ്. റവന്യൂ വകുപ്പിന്റെ സേവനങ്ങൾ ശക്തിപ്പെടുത്താൻ വാഹനസൗകര്യം ഏർപ്പെടുത്തുന്നതിനും ഡിജിറ്റൽ സർവ്വേ പൂർത്തീകരിക്കുന്നതിന് ധനസഹായം നൽകാനും നിയോജകമണ്ഡലാടിസ്ഥാനത്തിൽ ഒരു പഞ്ചായത്തിലെങ്കിലും ക്ഷീരഗ്രാമം പദ്ധതി ആവിഷ്കരിക്കാനും വൈക്കം സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രിയിൽ വേണ്ടത്ര തസ്തികകൾ സൃഷ്ടിക്കാനും നടപടി സ്വീകരിക്കണം. ഇ-പട്ടയം യാഥാർത്ഥ്യമാക്കിയത് അഭിമാനകരമായ നേട്ടമാണ്.

<u>ശ്രീ. എ. സി. മൊയ്തീൻ</u>: ഉപധനാഭ്യർത്ഥനകളെ അനുകൂലിക്കുന്നു. കെ-ഫോൺ പദ്ധതി യാഥാർത്ഥ്യമാക്കിയത് അഭിനന്ദനാർഹമാണ്. പ്രളയവും കോവിഡ് മഹാമാരിയുംമൂലം ബുദ്ധിമുട്ടനുഭവിക്കുന്നവർക്ക് ആശ്വാസം പകരുന്നതിനാണ് നികുതിയിളവുകൾ നൽകിയത്. വ്യവസായ ഇടനാഴി നടപ്പിലാക്കുന്നതിലൂടെ എം.എസ്.എം.ഇ.കളുടെ വളർച്ചയിൽ പുരോഗതി കൈവരിക്കാൻ സാധിക്കുന്നതാണ്. ആരോഗ്യ മേഖലയിൽ കേരളം ഒന്നാം സ്ഥാനത്തെത്തിയത് അഭിമാനാർഹമായ നേട്ടമാണ്.

പൊതുവിദ്യാഭ്യാസ രംഗത്ത് കിഫ്ബിയിലൂടെ കൈവരിച്ച നേട്ടങ്ങളെ ഇകഴ്ത്തി കാണിക്കാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി നിർവ്വഹണത്തിലെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് എഞ്ചിനീയറിംഗ് പാസ്സായ വിദ്യാർത്ഥികളുടെ സേവനം പ്രയോജനപ്പെടുത്താൻ നടപടി സ്വീകരിച്ചു. 56 ലക്ഷം ആളുകൾക്ക് കുടിശ്ശികയില്ലാതെ പെൻഷൻ നൽകാൻ സാധിച്ചത് അഭിനന്ദനാർഹമാണ്. രാജ്യത്താകമാനം വിലക്കയറ്റം സൃഷ്ടിച്ച കേന്ദ്ര സർക്കാർ നയങ്ങളെ വിമർശിക്കാൻ പ്രതിപക്ഷം തയ്യാറാകണം.

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): ഉപധനാഭ്യർത്ഥനകളെ എതിർക്കുന്നു. 2016-ലെ തെരഞ്ഞെടുപ്പ് വാഗ്ദാനങ്ങളിൽ ഭൂരിഭാഗവും നടപ്പിലാക്കിയതായി കാമ്പയിൻ നടത്തി ജനങ്ങളെ തെറ്റിദ്ധരിപ്പിച്ചിരിക്കുകയാണ്. കേന്ദ്ര സർക്കാരിന്റെ നിസ്സഹകരണത്തിനെതിരെ പ്രതിപക്ഷം ശക്തമായി പ്രതിഷേധിക്കുന്നതാണ്. ഭക്ഷ്യധാന്യങ്ങൾക്ക് നികുതി ഏർപ്പെടുത്താനുള്ള ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനം തള്ളിക്കളയണം. ടാക്സ് അഡ്മിനിസ്ട്രേഷൻ സിസ്റ്റത്തിൽ മാറ്റം വരുത്തണം. ജി.എസ്.ടി. കോമ്പൻസേഷൻ നിർത്തലാക്കുന്ന സാഹചര്യത്തിൽ സാമ്പത്തിക

പ്രതിസന്ധി മറികടക്കുന്നതിനായി ചെലവ് ചുരുക്കാനും യഥാസമയം ഫിനാൻഷ്യൽ സ്കൂട്ടിണി നടത്താനും തയ്യാറാകണം. ഗുണനിലവാര പരിശോധന നടത്താതെ പേവിഷബാധയ്ക്കെതിരായ വാക്സിൻ വിതരണം ചെയ്ത നടപടി പരിശോധിക്കണം. അഭിഭാഷകനായിരിക്കെ മയക്കുമരുന്ന് കേസിലെ പ്രതിയെ രക്ഷിക്കാനായി കോടതിയെ കബളിപ്പിച്ചെന്ന കേസ് ഉയർന്നുവന്നിരിക്കുന്ന സാഹചര്യത്തിൽ ഗതാഗത വകുപ്പുമന്ത്രി രാജിവയ്ക്കാൻ തയ്യാറാകണം.

**വ്യക്തിപരമായ വിശദീകരണം**

<u>പ്രതിപക്ഷനേതാവിന്റെ പരാമർശം സംബന്ധിച്ച്</u>

ഗതാഗത വകുപ്പുമന്ത്രി (<u>ശ്രീ. ആന്റണി രാജു</u>): എനിക്കെതിരെ കോടതിയിൽ നിലനിൽക്കുന്ന കേസ് പരിഗണനയ്ക്കെടുക്കുന്ന സന്ദർഭങ്ങളിലെല്ലാം ഹാജരായിട്ടുണ്ട്. കേസ് നീട്ടിവയ്ക്കണമെന്ന് ഒരിക്കൽപോലും ആവശ്യപ്പെട്ടിട്ടില്ല. മൂന്നുതവണ പോലീസ് അന്വേഷണം നടത്തിയ പ്രസ്തുത കേസിന്റെ അന്തിമ റിപ്പോർട്ടിലെ എന്നെ പ്രതിയാക്കാൻ കഴിയില്ലെന്ന പരാമർശം കോടതി അംഗീകരിച്ചിട്ടുണ്ട്. ഇന്റർപോളിന്റെ അന്വേഷണ റിപ്പോർട്ടിലും എന്റെ പേര് പരാമർശിച്ചിട്ടില്ല. സത്യവാങ്മൂലത്തിൽ ഞാൻ ഈ കേസിന്റെ വിവരങ്ങൾ

രേഖപ്പെടുത്തിയിട്ടുണ്ട്.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): ഭരണപുരോഗതി റിപ്പോർട്ട് യഥാസമയം പ്രസിദ്ധീകരിക്കാനും സാമൂഹ്യക്ഷേമ പദ്ധതികളുൾപ്പെടെ അടിസ്ഥാന സൗകര്യവികസനം സാദ്ധ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്. കേരളം ഏറ്റവും കുറഞ്ഞ ദാരിദ്ര്യമുള്ള സംസ്ഥാനമെന്ന നീതി ആയോഗിന്റെ റിപ്പോർട്ട് അഭിമാനാർഹമാണ്. കാൻസർ രോഗബാധിതർക്കും 'ആശ്വാസകിരണം' പദ്ധതിയിലൂടെ പരിചാരകർക്കും ധനസഹായം അനുവദിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ കടബാദ്ധ്യതയുടെ തോത് കുറയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. ജി.എസ്.ടി. നഷ്ടപരിഹാരം, കേന്ദ്ര വിഹിതം, കടമെടുപ്പ് പരിധി എന്നിവയിലെ കേന്ദ്ര നിലപാടുകൾ ഖേദകരമാണ്. നികുതി വകുപ്പ് പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ബഡ്ജറ്റിന് പുറത്തുള്ള കടം പബ്ലിക് ഡെഫിസിറ്റിൽ ഉൾപ്പെടുത്താനും ജി.എസ്.ടി. കോമ്പൻസേഷനിൽനിന്നും ഒഴിവാക്കാനും റവന്യൂ ഡെഫിസിറ്റ് ഗ്രാന്റ് നിർത്തലാക്കാനും കടമെടുപ്പ് പരിധിയിൽ നിയന്ത്രണങ്ങളേർപ്പെടുത്തി സംസ്ഥാനത്തെ വികസനപ്രവർത്തനങ്ങൾക്ക് തടസ്സം സൃഷ്ടിക്കാനുമാണ് കേന്ദ്രസർക്കാർ ശ്രമിക്കുന്നത്. കേന്ദ്ര അന്വേഷണ സംവിധാനങ്ങളെ ഉപയോഗപ്പെടുത്തി

സംസ്ഥാന ഭരണത്തെ അട്ടിമറിക്കാനുള്ള കേന്ദ്ര നീക്കം അപലപനീയമാണ്. ഉപധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സംസ്ഥാന ഭരണത്തലവന്മാർ, മന്ത്രിമാർ, ആസ്ഥാന ഉദ്യോഗസ്ഥന്മാർ എന്ന II, നീതിന്യായ നിർവ്വഹണം എന്ന III, പോലീസ് എന്ന XII, ജയിലുകൾ എന്ന XIII, ജില്ലാഭരണവും പലവകയും എന്ന XI, ടൂറിസം എന്ന XLII, വിദ്യാഭ്യാസം, കായിക വിനോദം, കല, സംസ്കാരം എന്ന XVII, തൊഴിലും തൊഴിലാളിക്ഷേമവും പ്രവാസിക്ഷേമവും എന്ന XXIV, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII, സഹകരണം എന്ന XXVII, ചരക്ക് സേവന നികുതിയും കാർഷികാദായ നികുതിയും വിൽപ്പന നികുതിയും എന്ന V, കൃഷി എന്ന XXIX, ഭക്ഷ്യം എന്ന XXX, ക്ഷീരവികസനം എന്ന XXXII, വ്യവസായങ്ങൾ എന്ന XXXVII, ശുദ്ധജലവിതരണവും ശുചീകരണവും എന്ന XX, ജലസേചനം എന്ന XXXVIII, സാമൂഹ്യസുരക്ഷിതത്വവും ക്ഷേമവും എന്ന XLVI എന്നീ നമ്പർ ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകൾ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

ചർച്ചകൂടാതെ പാസ്സാക്കേണ്ട മറ്റ് ധനാഭ്യർത്ഥനകളിന്മേലുള്ള ഉപധനാഭ്യർത്ഥനകളും സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

## X. അറിയിപ്പ്

'തൊട്ടറിയാം പി.ഡബ്ല്യു.ഡി' സോഫ്റ്റ്‌വെയർ

മി. ഡെപ്യൂട്ടി സ്പീക്കർ: പൊതുമരാമത്ത് വകുപ്പിന്റെ നിർമ്മാണ പ്രവൃത്തികളുടെ പുരോഗതി വിരൽത്തുമ്പിൽ ലഭ്യമാക്കുന്ന 'തൊട്ടറിയാം പി.ഡബ്ല്യു.ഡി.' എന്ന സോഫ്റ്റ്‌വെയർ നിയമസഭാംഗങ്ങൾക്ക് പരിചയപ്പെടുത്തുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ നേതൃത്വത്തിൽ ഇന്ന് വൈകുന്നേരം 6.00 മണിക്ക് നിയമസഭാ മന്ദിരത്തിലെ ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിച്ചിട്ടുള്ള ഡെമോൺസ്ട്രേഷനിൽ എല്ലാ അംഗങ്ങളും പങ്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

(സഭ വൈകുന്നേരം 4.06-ന് പിരിഞ്ഞു.)

*******